THURSDAY 04-11-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer’s Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -04/11/2021

1. പ്രളയക്കെടുതിയിൽ വിളനാശം സംഭവിച്ച കർഷകർ എത്രയും പെട്ടെന്ന് വിവരങ്ങൾ കൃഷിഭവനുകളിൽ അറിയിക്കേണ്ടതാണ്. നഷ്ടപരിഹാരത്തിന് AIMS വെബ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. AIMS പോർട്ടലിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കർഷകർ നഷ്ടപരിഹാരത്തിനായി അവരുടെ 'ലോഗ് ഇൻ' ഐഡി ഉപയോഗിച്ച് പോർട്ടലിൽ അപേക്ഷിക്കാവുന്നതാണ്. കർഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ മുഖേനയോ, കോമൺ ഫെസിലിറ്റേഷൻ സെന്റർ മുഖേനയോ, കൃഷിഭവൻ മുഖേനയോ അപേക്ഷിക്കാവുന്നതാണ്. നിലവിലെ പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യം പരിഗണിച്ച് **12/10/2021 മുതൽ 30/10/2021** വരെയുള്ള ദിവസങ്ങളിൽ കൃഷിനാശമുണ്ടായ കർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും നഷ്ടപരിഹാരത്തിന് അപേക്ഷിക്കേണ്ട തീയതി ഈ മാസം **15 വരെ** (15/11/2021) ദീർഘിപ്പിച്ചിട്ടുണ്ട്.

2. 2018, 2019 വർഷങ്ങളിൽ **'റബ്ബർ ആവർത്തനകൃഷി/പുതുകൃഷി'** നടത്തിയ കർഷകരിൽ നിന്ന് ധനസഹായത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്കു വിധേയമായി ഒരു ഹെക്ടറിന് 25,000/ രൂപ എന്ന നിരക്കിൽ ധനസഹായത്തിന് അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ **സർവ്വീസ് പ്ലസ് വെബ്** പോർട്ടലിലൂടെ ഓൺലൈനായി നവംബർ 30-നകം അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷി ചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കും നോമിനേഷൻ എന്നിവ അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. നിർദിഷ്ട തീയതിക്കുള്ളിൽ സമർപ്പിച്ച അപേക്ഷകൾ തോട്ടം പരിശോധിച്ചതിനുശേഷം റബ്ബർകൃഷി വികസനപദ്ധതി നിയമ പ്രകാരം അർഹതയുള്ള ധനസഹായം കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്

www.rubberboard.org.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് റീജിയണൽ ഓഫീസ്, ഫീൽഡ് സ്റ്റേഷൻ, കേന്ദ്രഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (04812576622) എന്നിവയുമായി ബന്ധപ്പെടുക.

3. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബട്ടൺ മഷ്റൂം വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പാക്കറ്റിനു 90 രൂപയാണ് വില. ആവശ്യമുള്ളവർക്ക് **9400483754** എന്ന ഫോൺ നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

4. മൃഗസംരക്ഷണ വകുപ്പിൽ മിഡിയാ ഡിവിഷന്റെ പ്രവർത്തനങ്ങൾ സജ്ജമാക്കുന്നതിനായി കരാറടിസ്ഥാനത്തിൽ **അസിസ്റ്റന്റ് എഡിറ്റർ, വീഡിയോ ഗ്രാഫർ, ഡിസൈനർ, ഐ.റ്റി. അസിസ്റ്റന്റ്** എന്നീ തസ്തികകളിൽ ജീവനക്കാരെ തെരെഞ്ഞെടുക്കുന്നതിനായി ഈ മാസം **24,25** (24/11/2021, 25/11/2021) തീയതികളിലായി **കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്ര**ത്തിൽ വച്ച് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. അസിസ്റ്റന്റ് എഡിറ്റർ, വീഡിയോ ഗ്രാഫർ തുടങ്ങിയ തസ്തികകളിലെ വാക്ക്-ഇൻ-ഇന്റർവ്യൂ 24-ന് രാവിലെ 10 മണിക്കും, ഡിസൈനർ, ഐ.റ്റി. അസിസ്റ്റന്റ് തസ്തികകളിലെ വാക്ക്-ഇൻ-ഇന്റർവ്യൂ 25-ന് രാവിലെ 10 മണിക്കും തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2732918** എന്ന ഫോൺ നമ്പരിലോ, ptotvm.ahd@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ പച്ചക്കറികളായ കാബേജ്, കോളിഫ്ളവർ എന്നിവയുടെ തൈകളും പയർ (ഭാഗ്യലക്ഷ്മി, കാശീകാഞ്ചൻ, അനശ്വര, വൈജയന്തി), വഴുതന (സൂര്യ), വെള്ളരി (സൗഭാഗ്യ), ശീമപ്പയർ, ചീര (CO-1), ചുരയ്ക്ക (അർക്ക ബഹാർ) എന്നീ ഇനങ്ങളുടെ നാടൻ വിത്തുകളും സാലഡ് കുക്കുമ്പർ (KPCH-1), പീച്ചിങ്ങ (KRH-1) തണ്ണിമത്തൻ (സ്വർണ്ണ, ശോണിമ, ഷുഗർബേബി) എന്നീ ഹൈബ്രിഡ് ഇനങ്ങളുടെ വിത്തുകളും

വില്പനയ്ക്കുണ്ട്. വില്പന സമയം 9 മുതൽ 4 വരെ. കൂടുതൽ വിവരങ്ങൾക്ക് **9188248481** എന്ന ഫോൺ നമ്പറിൽ ബന്ധപെടുക.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം വഴി നടപ്പിലാക്കുന്ന "ശീതകാല പച്ചക്കറി കൃഷി"എന്ന മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (MOOC) നവംബർ മാസം 8 ന് ആരംഭിക്കുന്നു. പൂർണ്ണമായും സൗജന്യമായി നടപ്പിലാക്കുന്ന ഈ കോഴ്സിൽ പഠിക്കാൻ താൽപര്യമുള്ളവർ നവംബർ 07 നകം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കേരള കാർഷിക സർവകലാശാലയിലെ ശാസ്ത്രജ്ഞർ നടപ്പിലാക്കുന്ന ഈ കോഴ്സ് പൂർണ്ണമായും തയ്യാറാക്കിയത് മലയാളത്തിലാണ്. ഒൻപത് സെഷനുകളിലായി 20 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ് കെഎയു MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന് പ്രയോജനപ്പെടുത്താവുന്നതാണ്.. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തവർക്ക് നവംബർ 8 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐഡിയും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

**പരിശീലന പരിപാടികൾ**

7. പത്തനംതിട്ട ജില്ലാ ഐസിഎആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡിൽ വച്ച് ഈ മാസം 8 മുതൽ 11 വരെ (നവംബർ 8 മുതൽ 11 വരെ) രാവിലെ 10.00 മുതൽ **ശാസ്ത്രീയ മുട്ടക്കോഴി വളർത്തൽ – നഴ്സറി പരിപാലനം** എന്ന വിഷയത്തിൽ തൊഴിലധിഷ്ഠിത പരിശീലനം നടത്തപ്പെടുന്നതാണ്. ശാസ്ത്രീയ രീതിയൽ മുട്ടക്കോഴി നഴ്സറി പരിപാലനത്തിനായി ഇൻക്യുബേഷൻ, ബ്രൂഡിങ്ങ്, പ്രതിരോധ കുത്തിവയ്പ്പുകൾ, വിവിധ രോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങൾ തുടങ്ങിയ വിഷയങ്ങളെക്കൂടാതെ പദ്ധതി തയ്യാറാക്കാൽ, മാലിന്യ നിർമ്മാർജ്ജനം എന്നിവയും പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ ഫീസ് 500 രുപയാണ്. താല്പര്യമുള്ളവർ ഈ മാസം **5**-ന് (നവംബർ 05-ന്) മുമ്പായി സീനിയർ സയന്റിസ്റ്റ് ആന്റ് ഹെഡ്, ഐസിഎആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡ്, കോളഭാഗം പി.ഒ., തടിയൂർ, തിരുവല്ല-689545 എന്ന വിലാസത്തിലോ **8078572094** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

8. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 9,10 (നവംബർ 9,10) തീയതികളിൽ ക്ഷീരകർഷകർക്കായി **ശുദ്ധമായ ക്ഷീരോൽപാദനം** എന്ന വിഷയത്തിൽ രണ്ടു ദിവസത്തെ ക്ലാസ്സ് റൂം പരിശീലനം നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണ് അവസരം. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർക്ക് ഈ മാസം **6-നു** മുമ്പായി **0471-2440911** എന്ന ഫോൺ നമ്പരിൽ വിളിച്ചോ ഓഫീസിൽ നേരിട്ട് ഹാജരായോ രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ, തിരുവനന്തപുരം-695004 എന്ന മേൽവിലാസത്തിലോ principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ 0471-2440911 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

9. വെള്ളായണി ആർ.ടി.ടി സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും വേണ്ടി കാർഷിക യന്ത്രങ്ങളിൽ പ്രവൃത്തിപരിചയം നൽകുന്നതിന് മൂന്ന് ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ട്രാക്ടർ, ടില്ലർ, ഞാറു നടീൽ യന്ത്രം, പവ്വർ ടില്ലർ, ഗാർഡൻ ടില്ലർ, മിനി ടില്ലർ, സ്പ്രേയർ കൂടാതെ വിവിധ ചെറുകിട കാർഷിക യന്ത്രങ്ങൾ എന്നിവയിലാണ് പരിശീലനം നൽകുന്നത്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ പൂർണ്ണമായ മേൽവിലാസം, ബന്ധപ്പെടേണ്ട നമ്പർ സഹിതം rttctvpm@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ചു നൽകുകയോ വെള്ളായണി ആർ.ടി.ടി സെന്ററിൽ നേരിട്ട് ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470314, 9383470315** എന്നീ നമ്പരുകളിൽ വിളിക്കുക.